"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - പാലക്കാട് ജില്ല - തരൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശി ജി.എച്ച്.എസ്.എസ് ന് സ്കൂൾ ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.1879/2023/GEDN തീയതി,തിരുവനന്തപുരം, 13-03-2023

---

പരാമർശം:-

1. സ.ഉ(പി) 178/16/ധന തീയതി, 09/12/2016
2. സ.ഉ(സാധാ) 1648/19/ധന തീയതി, 05/03/2019
3. പാലക്കാട് ജില്ലാ കളക്ടറുടെ 15/09/2022 ലെ ആർ.ഡി (3)/3112/2022 നമ്പർ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/11/2022, 28/12/2022 തീയതികളിലെ ബി 1/3465/2022/ഡിജിഇ നമ്പർ കത്തുകൾ

**ഉത്തരവ്**

തരൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശി ജി.എച്ച്.എസ്.എസ് - ന് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ (2022-23) നിന്നും 22,66,256/- (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തിആറായിരത്തി ഇരുന്നൂറ്റി അൻപത്തിആറ് രൂപ മാത്രം) രൂപ വിനിയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ബസ് വാങ്ങുന്നതിനായി "4202-01-800-84-Projects under LAC ADS – other Projects (NP)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തു . പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തരൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശി ജി.എച്ച്.എസ്.എസ് - ന് സ്കൂൾ ബസ് വാങ്ങുന്നതിനാവശ്യമായ 22,66,256/- (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തിആറായിരത്തി ഇരുന്നൂറ്റി അൻപത്തിആറ് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84-Projects under LAC ADS – other Projects (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ എം

ജോയിന്റ് സെക്രട്ടറി

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്) , തിരുവനന്തപുരം
2. ജില്ലാ കളക്ടർ, പാലക്കാട്
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ധനകാര്യ വകുപ്പ്
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
8. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി(M2/356/2022/GEDN)

ഉത്തരവിൻ പ്രകാരം

Signed by

Namitha T

Date: 13-06-2023 13:53:07

സെക്ഷൻ ഓഫീസർ